# “നുണ പറയാൻ പ്രേരിപ്പിക്കുന്നു”

## കെ. വി. മാമ്മൻ കോട്ടയ്ക്കൽ

1994 ഏപ്രിൽ 30. രംഗം കോട്ടയം ബസ്സേലിയോസ് കോളജ് ഹാൾ. സമയം 11 കഴിഞ്ഞു. കോട്ടയം ഭദ്രാസനത്തിൽ നിന്നു സഭാ മാനേജിംഗ് കമ്മിറ്റിയിലേക്ക് രണ്ടു വൈദികരേയും നാല് അവൈദികരെയും തെരഞ്ഞെടുക്കുന്നതിനുവേണ്ടി 200-ൽപരം പള്ളി പ്രതിനിധികൾ സമ്മേളിച്ചിരിക്കുന്നു.

ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാണ് അദ്ധ്യക്ഷൻ. അദ്ദേഹം ചെയ്ത ആമുഖ പ്രസംഗത്തിൽ ഭദ്രാസന കൗൺസിലിലേക്കും മാനേജിംഗ് കമ്മിറ്റിയിലേക്കും മറ്റും തെരഞ്ഞെടുക്കപ്പെടുന്നവർ മദ്യപന്മാരാണെന്നും കൈക്കൂലിക്കാരാണെന്നും തെരഞ്ഞെടുത്തശേഷം പരാതികൾ ഉണ്ടാകാറുണ്ട്, തന്നിമിത്തം മേലിൽ അങ്ങനെ വരാതിരിക്കാൻ പ്രതിനിധികൾ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിച്ചു.

‘എന്നോടു ചിലർ വന്നു മത്സരിക്കട്ടെ എന്നു ചോദിച്ചു. വേണ്ടാ എന്നു ഞാൻ പറഞ്ഞു. മത്സരിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഞാൻ പറഞ്ഞിട്ടാണു മത്സരിക്കുന്നതെന്നു പിന്നീടു ചിലർ പറയും. ഇപ്പോൾ രണ്ടു വൈദികർക്കുവേണ്ടി നാലു പേരും നാലു അവൈദികർക്കുവേണ്ടി 11 പേരും മത്സരരംഗത്തുണ്ട്. സ്വയം പിന്മാറാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം നൽകുന്നു. മാറുന്നില്ലെങ്കിൽ വോട്ടെടുത്തു തീരുമാനിക്കും.

സ്ഥാനാർത്ഥികൾക്കു രണ്ടുമൂന്നു മിനിറ്റു പ്രസംഗിക്കാനുള്ള അവസരമുണ്ട്. അതു കഴിയുമ്പോൾ ഞാൻ ചില ചോദ്യങ്ങൾ അവരോട് ചോദിക്കും. വിശ്വാസപ്രമാണം ചൊല്ലാൻ പറയും.’

സ്ഥാനാർത്ഥികളിൽ മൂന്നുപേർക്കു തിരുമേനി ചോദിച്ച “ഭൂവിലശേഷം ദൈവത്താൽ പ്രേരിതരായ ശ്ലീഹന്മാർ പോയ്”, ‘പൗലൂസ് ശ്ലീഹാ-ധന്യൻ ചൊൽകേട്ടേനിതേവം’, ‘യജമാനൻ വരുമന്നേരത്തുണർവുള്ളോരായ്തൻ’ എന്നീ പാട്ടുകൾ ചൊല്ലാൻ കഴിഞ്ഞില്ല. അറിഞ്ഞു കൂടാ എന്നു ചുരുക്കം.

മറ്റൊരാളോട് ഇപ്പോഴത്തെ കാതോലിക്കാ ബാവായുടെ പേരു പറയാൻ ആവശ്യപ്പെട്ടപ്പോൾ ‘മാത്യൂസ് മാർ കൂറിലോസ്’ എന്നാണു പറഞ്ഞത്.

വിശ്വാസപ്രമാണത്തിന്റെ ആദ്യ ഖണ്ഡിക എല്ലാവരും തെറ്റാതെ ചൊല്ലി. മറ്റൊരാൾ പറഞ്ഞത് താൻ മദ്യപിക്കുമായിരുന്നു എന്നും ഇപ്പോഴില്ലെന്നുമാണ്. കൈക്കൂലി വാങ്ങാറുണ്ടോ എന്നു ചോദിച്ചപ്പോൾ കൈക്കൂലി വാങ്ങാൻ അവസരം ഇല്ലാത്തതിനാൽ വാങ്ങുന്നില്ല എന്നത്രെ വേറൊരാൾ മറുപടി നൽകിയത്.

വല്ലപ്പോഴും മദ്യപിക്കുമെന്നും അതു തന്റെ ജോലിയിൽ വിജയിക്കാനും ചിലരെ സ്വാധീനിക്കാനും ആവശ്യമാണെന്നും ഒരു സ്ഥാനാർത്ഥി അറിയിച്ചു. ഇന്നു തന്റെ ജന്മദിനമാണെന്നും മേലിൽ താൻ മദ്യപിക്കയില്ലെന്നു ശപഥം ചെയ്യുന്നു എന്നും രാഷ്ട്രീയക്കാരനായ ഒരു സ്ഥാനാർത്ഥി പ്രസ്താവിച്ചു. അപൂർവമായേ മദ്യപിക്കൂ എന്നാണു മറ്റൊരു സ്ഥാനാർത്ഥിയുടെ പരസ്യപ്രസ്താവന.

മദ്യപിക്കാറുണ്ടോ എന്ന് ഒരു സ്ഥാനാർത്ഥിയോടു ചോദിച്ചപ്പോൾ ‘നുണ പറയാൻ പ്രേരിപ്പിക്കുന്നു’ എന്ന രസകരമായ മറുപടിയാണ് ലഭിച്ചത്.

റിട്ടയർ ചെയ്ത ഒരു സർക്കാർ ഉദ്യോഗസ്ഥനോടു കൈക്കൂലി വാങ്ങിയിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ ‘വാങ്ങാറില്ല’ എന്ന മറുപടിയാണു കിട്ടിയത്. ‘കൈക്കൂലി വാങ്ങാറില്ല’ എന്ന് ഒരു ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞപ്പോൾ ഹാളിൽ കുറച്ചു നേരത്തേക്കു ചിരി ഉയർന്നു. തുടർന്നു വോട്ടെടുപ്പു നടന്നു.

പള്ളിയിൽ കയറാതിരിക്കുകയും ആദ്യവസാനം ആരാധനയിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നതു കൊണ്ടാണു വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന ചെറിയ പാട്ടുകൾ പോലും പാടാൻ കഴിയാതെ വരുന്നതെന്നു സമാപന പ്രസംഗത്തിൽ മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടി.

സ്ഥാനാർത്ഥികളുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ ഇത്രയധികം പ്രവർത്തനങ്ങൾ നടത്തുന്നവർ സഭയിൽ ഉണ്ടല്ലോ എന്ന് ആദ്യമായി മനസ്സിലാക്കാൻ സാധിച്ചു. എങ്കിലും സഭയിലെ ഉന്നത സമിതിക്കുള്ളിൽ എത്തുന്നവരുടെ ആദ്ധ്യാത്മിക വിജ്ഞാനത്തിന്റെയും ധാർമ്മിക ജീവിതത്തിന്റെയും താണനിലവാരം മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു. സഭാചരിത്രം, വിശ്വാസാചാരങ്ങൾ എന്നിവ സഭാംഗങ്ങൾ പഠിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണു സ്ഥാനാർത്ഥികളുടെ താണനിലവാരത്തിലുള്ള പ്രസംഗങ്ങൾ വിരൽ ചൂണ്ടുന്നത്.